ശ്രീ. ജെ. എ. കട്ടൂ : ഇതു വളരെ പ്രാധാന്യമുള്ള ഒന്നാണു്. ഇതു നമ്മുടെ നാട്ടിലെ കർഷകരെ ബാധിക്കുന്ന ഒരു കാര്യമാണു്.

മി. സ്പീക്കർ : ഇതു വളരെ പ്രാധാന്യമുള്ള ഒരു കാര്യമായതുകൊണ്ടു് ഇതേപ്പറ്റി ഈ സഭയിലെ അംഗങ്ങളുടെ അഭിപ്രായങ്ങളെല്ലാം ജനറൽ ഡിസ്കഷൻ സമയത്തു പറയാൻ അവസരമുണ്ടാക്കാം.

ശ്രീ. ടി. വി. തോമസ്സു് : 1956-57-ലെ കേന്ദ്രബഡ്ജറ്റ് പ്രപ്പോസൽ അനുസരിച്ചു വെളിച്ചെണ്ണയ്ക്കു് ഇന്നു നിലവിലിരിക്കുന്ന ടാക്സ് വർദ്ധിപ്പിക്കുന്നതുമൂലം വെളിച്ചെണ്ണ മില്ലുകളിൽ ആവശ്യമില്ലാതെ എക്സൈസ് ഉദ്യോഗസ്ഥന്മാർ വെളിച്ചെണ്ണ മരവിപ്പിക്കുകയും തന്മൂലം വെളിച്ചെണ്ണവ്യാപാരത്തിനു് ഒരു നിശ്ചലാവസ്ഥ ഉണ്ടാകുകയും ചെയ്തിരിക്കുന്നു. അതിനാൽ ഇതേപ്പറ്റി ചർച്ച ചെയ്യുന്നതുള്ള അവസരം ബഡ്ജറ്റ് ഡിസ്കഷൻ സമയത്തേയ്ക്കു മാറ്റി വയ്ക്കാതെ അടിയന്തിരമായ നടപടികൾ കൈക്കൊള്ളുന്നതിനായി ഇതേ സംസ്ഥാനത്തുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥയെ കേന്ദ്രഗവണ്മെൻറിനെ അറിയിക്കുന്നതിനു് ഈ സഭയ്ക്കു് അഭിപ്രായം പറയുവാനുള്ള അവസരം ഉണ്ടാക്കണം. അതിനാണു് ഈ പ്രമേയം കൊണ്ടുദ്ദേശിക്കുന്നതു്. അതുകൊണ്ടു് ഈ അടിയന്തിരപ്രമേയം സഭയുടെ ചർച്ചയ്ക്കു വയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഇതു കേന്ദ്രഗവണ്മെൻറിന്റെ ബഡ്ജറ്റ് പ്രപ്പോസലിൽനിന്നും ഉണ്ടവിക്കുന്ന ഒരു കാര്യമായിട്ടാണു ഞാൻ മനസ്സിലാക്കുന്നതു്. പക്ഷെ നമ്മുടെ നാട്ടിലെ വെളിച്ചെണ്ണയെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന കാര്യമായതുകൊണ്ടും നമ്മുടെ ജനപ്രതിനിധികൾക്കു് ഇതിൽ വലിയ ഉൽക്കണ്ഠയുണ്ടെന്നു മനസ്സിലാക്കിയതുകൊണ്ടും ഒരു ഡിസ്കഷൻ പ്രയോജനകരമാകും എന്നുള്ളതിനു ഗവണ്മെൻറിനു് പ്രായവ്യത്യാസമില്ല. അതുതന്നെയല്ല ഇപ്പോൾ ഉണ്ടാകുന്ന ഡിസ്കഷനിൽ നിന്നും സഭയുടെ വ്യക്തമായ വ്യക്തമായ ഗവണ്മെൻറിനെ അറിയിക്കുന്നതിനും ഈ മന്ത്രി സഭയ്ക്കു് ഒരുക്കമാണു്.

MR. SPEAKER : I shall in consultation with the leader of the House and the Leader of the Opposition fix a day for the discussion of this motion—

CALLING ATTENTION TO A MATTER OF PUBLIC IMPORTANCE UNDER RULE 66.

MR SPEAKER: Under Rule 66 of the Rules of procedure, I have received notice of the following from SHRI P. Ravindran.

"I request you to give permission to call the attention of the Minister for Medicine and public Health to a matter of public importance, namely, the acute shortage of drinking water at Kottiyam and the consequent difficulties experienced by the public."

He may speak on it.

ശ്രീ. പി. രവീന്ദ്രൻ : സർ, കൊല്ലം താലൂക്കിൽപ്പെട്ട കൊട്ടിയം എന്ന സ്ഥലത്തു കുറേക്കാലമായി വേനൽക്കാലത്തു ശുദ്ധജലക്ഷാമം ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുന്നു. ഈ നിയമസഭയുടെ കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ കൊട്ടിയത്തെ ശുദ്ധജലക്ഷാമത്തെപ്പറ്റി ഞാൻ ഒരു ചർച്ച ഉന്നയിക്കുകയുണ്ടായി. അന്ന് അവിടത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നു പൊതുജനാരോഗ്യവകുപ്പുമന്ത്രി പറയുകയുണ്ടായി. മന്ത്രി അന്നു പറഞ്ഞതു് ഒരു ഡ്രില്ലിംഗ് മെഷീനു് ഓർഡർ കൊടുത്തിട്ടുണ്ടെന്നും അതു വന്നുടനെ അവിടെ കുഴൽക്കിണർ കുഴിച്ചു് ശുദ്ധജലം ഉണ്ടാക്കുന്നതിനു് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുമാണു്. താൽക്കാലികമായി അവിടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ലോറികളിൽ വെള്ളം കൊണ്ടുവന്നു വിതരണം ചെയ്യുമെന്നും, അങ്ങനെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിവാരണമുണ്ടാക്കുമെന്നും പറഞ്ഞു. പക്ഷേ ഒരു വർഷം കഴിഞ്ഞിട്ടും ഇതുവരെ യാതൊരു നടപടിയും അക്കാര്യത്തിൽ ഗവണ്മെൻറ് സ്വീകരിച്ചിട്ടില്ല എന്നുള്ളതു വളരെ ഖേദത്തോടുകൂടിയാണു് ഞാൻ ഈ സമയത്തിൽ പ്രസ്താവിക്കുന്നതു്. ഡിപ്പാർട്ടുമെൻറുവക ലോറികളിൽ വെള്ളം അതാതു സ്ഥലത്തു വിതരണം ചെയ്യുന്നതാണെന്നു് ഈ സഭയിൽ ഉറപ്പു പറഞ്ഞിട്ടു മാസങ്ങളുള്ളി വെള്ളം പോലും അവിടെ വിതരണം ചെയ്തതായി നേരിട്ടന്വേഷിച്ചതിൽ എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ഈ സഭയിൽ വളരെ ഉത്തരവാദിത്വത്തോടുകൂടി പറഞ്ഞിട്ടുള്ള കാര്യം വളരെ നിസ്സാരമായി ലംഘിക്കുകയാണു ചെയ്തിട്ടുള്ളതു്. അവിടെ വളരെ അധികം കുഴൽക്കിണർ, ടൈൽഫാക്ടറികൾ, ഇവയെല്ലാമുണ്ടു്. എന്നാൽ ഈ കഴിഞ്ഞ മാസം കൊല്ലമായിട്ടു് അവിടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി യാതൊരു നടപടിയും ഗവണ്മെൻറ് സ്വീകരിച്ചതായി കാണുന്നില്ല. ഈ അടുത്ത കാലത്തു കൊട്ടിയത്തു് ഒരു യുവജനസമ്മേളനത്തിൽ പ്രസംഗിച്ചപ്പോഴും മന്ത്രി പറഞ്ഞതു് ഈ വർഷം അവിടെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നാണു്. പക്ഷേ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചുകണ്ടുന്നില്ല. അതുകൊണ്ടു് ആവശ്യമായ നടപടികളും ഈ കാര്യത്തിൽ സത്വരമായി സ്വീകരിക്കണമെന്നുള്ള സംഗതി മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണു് ഈ അവസരം ഞാൻ ആവശ്യപ്പെടുന്നതു്. ഈ കാര്യത്തിനു കഴിഞ്ഞ ബഡ്ജറ്റസമ്മേളനത്തിൽ തന്നെ ഉപേക്ഷയുള്ള ഉറപ്പു് ഇപ്പോഴും തരണമെന്നും ഇപ്പോഴും നൽകുന്ന ഉറപ്പു അല്പമെങ്കിലും പ്രവൃത്തിയിൽ കൊണ്ടുവരണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ശ്രീ. എ. എ. റഹ്മാൻ : കൊട്ടിയം പ്രദേശത്തു ശുദ്ധജലം ലഭിക്കുന്നില്ലായെന്നുള്ള പരാതി ഇതേ വരെയാണു് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. കഴിഞ്ഞ അസംബ്ലിയുടെ കാലഘട്ടത്തിലും ഇതുപോലെ ഒരു അഭിപ്രായം ഉന്നയിക്കുകയുണ്ടായി. അന്നു് ഈ ഗവണ്മെൻറിൻറെ കൈവശമുണ്ടായിരുന്ന ലോറികളിൽ ഇതുപോലെ ശുദ്ധജലം ലഭിക്കുന്നതിനു ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ മുഴുവൻ വെള്ളം കൊണ്ടുപോയി വിതരണം ചെയ്തിരുന്നതുകൊണ്ടു് ഉടനടിതന്നെ മറ്റൊരു ലോറി ഇതിലേയ്ക്കുവേണ്ടി നിയോഗിക്കാൻ പ്രയാസം നേരിടുകയുണ്ടായി. മാത്രമല്ല ഇതിനുവേണ്ട ഏർപ്പാടുകൾ ചെയ്തുകൊണ്ടിരുന്നപ്പോൾ വളരെ താമസിയാതെ മഴക്കാലം ആരംഭിക്കുകയും ചെയ്തു. അതുകൊണ്ടു പൊതുവായുള്ള ശുദ്ധജലത്തിനുള്ള ദൗർലഭ്യം പരിഹരിക്കാൻ സാധിക്കാതെവന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ എ. എ. റഹിം]

ഇപ്പോൾ കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ചു ഇത്തരം വെള്ളത്തിനു പ്രയാസമുള്ള സ്ഥലങ്ങളിൽ എല്ലാം വെള്ളം വിതരണം ചെയ്യാൻ ടാങ്കുകൾ സൂക്ഷിച്ചിട്ടുണ്ട്. വെള്ളത്തിന്റെ ദാരിദ്ര്യം ഉണ്ടാകാവുന്ന സ്ഥലങ്ങളിൽ കുഴൽക്കിണറുകൾ ഉടനെ കുഴിപ്പിക്കുന്നതാണെന്നു ഞാൻ പറഞ്ഞതായി എനിക്കു തോന്നുന്നില്ല. കുഴൽക്കിണറുകൾ കുഴിക്കുന്നതു് ശുദ്ധജലദാരിദ്ര്യമുള്ള കടലോരപ്രദേശങ്ങളിലാണ്. ഒട്ടുമിക്കവാറുമുള്ള സ്ഥലങ്ങളെ സംബന്ധിച്ചു് ഉടനെ കുഴിപ്പിക്കാമെന്നു പറഞ്ഞതായി ഞാൻ ഓർക്കുന്നില്ല. ശുദ്ധജലം ലഭിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ ലോറികൾ മുഖേന വെള്ളം എത്തിച്ചുകൊടുക്കാമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം മാസി : കുഴൽക്കിണറുകളുടെ പ്രവർത്തനം ഇപ്പോൾ എവിടെയാണു നടത്തിക്കൊണ്ടിരിക്കുന്നതു്?

ശ്രീ. എ. എ റഹിം : ഇപ്പോൾ ചേർത്തലതാലൂക്കിലും കരുനാഗപ്പള്ളി താലൂക്കിലുമാണു്.

ശ്രീ. പ്രാക്കുളം മാസി : ശങ്കിക്കുളങ്ങരെ കുഴൽക്കിണറിന്റെ പണി ഉടനെ ആരംഭിക്കുമോ?

ശ്രീ. എ. എ. റഹിം : അവിടെയും ഉടനെ ആരംഭിക്കുന്നതാണ്. കരുനാഗപ്പള്ളി താലൂക്കിലുള്ള സ്ഥലങ്ങൾ അങ്ങോട്ടു വരുന്നതാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : കഴിച്ചിട്ടുള്ള കുഴൽക്കിണറുകളിൽ വെള്ളം ഇല്ലാതെ വന്നിട്ടുണ്ടോ?

ശ്രീ എ. എ. റഹിം : വെള്ളം കിട്ടുന്നുണ്ടു്.

FINANCIAL BUSINESS.

Demands for Supplementary Grants.

MR. SPEAKER : We shall now proceed with the supplementary Demands. I propose to devote the whole of the day for the discussion of the Supplementary Demands for Grants, *i. e.* Supplementary Demands in the Budget for 1955-56, Supplementary Demands for regularising the excess expenditure incurred in the year 1952-53 and Supplementary Demands for regularising the excess expenditure incurred in the year 1951-52. The last two items are matters of routine and much time may not be required for their discussion. Therefore all the four hours will be available practically for discussion of the Supplementary Demands for the current year. By one of the clock all the necessary questions to get through the Supplementary Demands for Grants in the Budget for the current year as also the Demands for Supplementary Grants for regularising the expenditure incurred will be put to the vote of the House.

LIBRARY ARCHIVES Kerala Legislative Assembly